# പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2247 — 18/06/2013 ൽ മറുപടിയ്ക്ക്

### മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) മൈനിങ് ആന്റ് ജിയോളജി വകുപ്പിന് ദ്വിമുഖമായ പ്രവർത്തനമാണുള്ളത്. ധാതു പര്യവേക്ഷണവും ധാതുപരിപാലനവും. കേരളത്തിന്റെ ധാതു നിക്ഷേപങ്ങളെക്കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാ ക്കുകയും സംസ്ഥാനത്തെ ഖനിജാധിഷ്ടിത വ്യവസായങ്ങൾക്കാവശ്യമുളള പക്ഷം അത് ലഭ്യമാക്കുകയും ചെയ്യുന്നു. 1957 ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആ ക്ട്, 1960 ലെ മിനറൽ ക ൺസഷൻ ചട്ടങ്ങൾ, 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ എന്നിവയുടെ പരിപാലനവും നടത്തിവരുന്നു. ടി നിയമങ്ങളും ചട്ടങ്ങളും പ്രകാരം സംസ്ഥാന ത്ത് ധാതു ക്ക ളുടെ ഖനനത്തിന് ആവശ്യമായ അനുമതി നൽകിവരുന്നു. |
| (ബി) ക്വാ റികൾക്കും പാറ ഖനനത്തിനും ലൈസൻസ് നൽകുന്നതിനുളള മാനദണ്ഡം എന്തെല്ലാമാണ്; | (ബി) 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ക്വാറികൾക്കും പാറഖനനത്തിനും ലൈസൻസ് നൽ കു ന്നത്. |

(സി) ഇത്തരത്തിൽ നിയമപരമായി കോഴിക്കോട് ജില്ലയിൽ പാറ ഖനനത്തിന് ലൈസൻസ് നൽ കിയിട്ടു ണ്ടോ; വിശദാംശം നൽ കാമോ?

(സി) നിലവിൽ കോഴിക്കോട് ജില്ലയിൽ 295 ക്വാറികൾക്ക് നിയമപരമായി പാറ ഖനനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| താലൂക്ക് | 12.06.13 ൽ നിലവിലുള്ള കരിങ്കല്ല് ഖനന പെർമിറ്റുകൾ | 2013-14 സമ്പത്തിക വർഷത്തിൽ നിലവിലുള്ള ക്വാറിയിംഗ് ലീസുകൾ | ആകെ |
|---|---|---|---|
| കോഴിക്കോട് | 142 | 18 | 160 |
| കൊയിലാണ്ടി | 75 | 5 | 80 |
| വടകര | 52 | 3 | 55 |
| | | ആകെ | 295 |

സെക്ഷൻ ഓഫീസർ